ഉത്തരം

(എ) സ്കൂളുകളുടെ എണ്ണം അനുബന്ധമായി കൊടുക്കുന്നു.†

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അട്ടപ്പാടിയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നടപടി

40 [1556] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഒരു കോളേജ് സ്ഥാപിക്കണമെന്നാവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കോളേജ് ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അട്ടപ്പാടിയിൽ ഒരു കോളേജ് സ്ഥാപിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്ന ഒരു പ്രമേയം അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രമേയം സാധ്യതാ പഠന റിപ്പോർട്ടിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പഠന റിപ്പോർട്ട് പരിശോധിച്ചതിനു ശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

ബി. എഡ്. പ്രവേശനത്തിനുള്ള അവസരം നഷ്ടമായ വിദ്യാർത്ഥികൾ

41 [1557] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, സി. ടി. അഹമ്മദ് അലി:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, നാലകത്ത് സൂപ്പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ബി.എസ്.സി. ഹോംസയൻസ്, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നിവ പാസ്സായ വിദ്യാർത്ഥികൾക്ക് കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ബി. എഡ്. പ്രവേശനത്തിനുള്ള അവസരം ഇല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൻമൂലം വിദ്യാർത്ഥികളുടെ തുടർപഠനം നഷ്ടപ്പെടുന്ന അവസ്ഥ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

† അനുബന്ധം.II

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) ഹോംസയൻസ്, കമ്പ്യൂട്ടർ സയൻസ് വിഷയങ്ങളിൽ പോസ്റ്റ് ഗ്രാഡ്വേറ്റ് ബിരുദമുള്ളവർക്ക് ബി. എഡ്. കോഴ്സിന് നിലവിൽ അഡ്മിഷന് അർഹതയുണ്ട്. ഹോംസയൻസ്, കമ്പ്യൂട്ടർ സയൻസ് വിഷയങ്ങൾ ഹയർ സെക്കണ്ടറി തലം മുതലാണ് നടത്തുന്നത്. ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പോസ്റ്റ് ഗ്രാജുവേറ്റ് ബിരുദം അത്യാവശ്യ യോഗ്യതയായ നിലയ്ക്ക് മേൽ വിഷയങ്ങളിലെ ബിരുദ വിദ്യാർത്ഥികൾ ബി. എഡ്. യോഗ്യത നേടിയാലും ജോലി സാധ്യതയില്ല.

കോളേജുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സമിതികളിലുള്ള ഭാരവാഹികളുടേയും അംഗങ്ങളുടേയും എണ്ണം

42 [1560] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സമിതികളിലുള്ള ഭാരവാഹികളുടേയും അംഗങ്ങളുടേയും എണ്ണം എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സമിതികളിൽ രക്ഷാകർത്താക്കൾക്കുള്ള പ്രാതിനിധ്യം കുറയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കുമോ;

(സി) രക്ഷാകർത്താക്കളുടെ സെക്രട്ടറി തസ്തികയും നഷ്ടപ്പെടുത്തിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളുടെ എണ്ണവും പുനഃസ്ഥാപിക്കുന്നതിന് നടപടി ഉണ്ടാകുമോ;

(ഡി) കോളേജുകളുടെ പ്രവർത്തനത്തിൽ രക്ഷാകർത്താക്കൾ എന്തെങ്കിലും തടസ്സം നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ രക്ഷാകർത്തൃ സമിതിക്ക് കൂടുതൽ പ്രവർത്തന സാഹചര്യം ഉണ്ടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ/സ്വകാര്യ മേഖലയിലുള്ള കോളേജുകൾ എന്നിവയിലെ അദ്ധ്യാപക-രക്ഷാകർത്തൃ സമിതികളിലെ ഭാരവാഹികളുടേയും അംഗങ്ങളുടേയും എണ്ണം ചുവടെ ചേർക്കുന്നു:

പ്രസിഡന്റ്	..	ഒന്ന്
വൈസ് പ്രസിഡന്റ്	..	ഒന്ന്
സെക്രട്ടറി	..	ഒന്ന്
മറ്റ് അംഗങ്ങൾ	..	എട്ട്

(അദ്ധ്യാപകരിൽ നിന്നും മാതാപിതാക്കളിൽ നിന്നും നാല് പേർ വീതം.)

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ/സ്വകാര്യ മേഖലയിലുള്ള കോളേജുകളിലെ അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയിൽ, രക്ഷാകർത്താവിന് പകരം വിദ്യാർത്ഥികളുടെ മാതാപിതാക്കളെമാത്രം ഉൾപ്പെടുത്തുന്നതും അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും ടി സമിതികളിൽ തുല്യപ്രാതിനിധ്യം നൽകുന്നതും ഉചിതമായിരിക്കുമെന്ന്

LIBRARY ARCHIVES Kerala Legislative Assembly